പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.10 — 09-06-2014-ൽ മറുപടിക്ക്

വർദ്ധിച്ചുവരുന്ന മദ്യാസക്തി

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ:<br>" അബ്ദുറഹിമാൻ രണ്ടത്താണി:<br>" പി. ബി. അബ്ദുൾ റസാക്: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വർദ്ധിച്ചുവരുന്ന മദ്യത്തിന്റെ ഉപയോഗം സമൂഹത്തിലും സാമ്പത്തിക മേഖലയിലും ഉണ്ടാക്കുന്ന ആഘാതത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകാമോ; | (എ) പരിശോധിച്ചിട്ടില്ല. എന്നാൽ 13-ാം കേരള നിയമസഭയുടെ സാമ്പത്തിക കാര്യങ്ങൾക്കായുള്ള സബ്ജറ്റ് കമ്മിറ്റി (VIII) യുടെ 06.06.2013 ലെ യോഗ തീരുമാന പ്രകാരം എഫ്.എൽ.1 ഷോപ്പുകളും ബാറുകളുമില്ലാത്ത ഒന്നോ, രണ്ടോ ഗ്രാമ പഞ്ചായത്തുകളെ പൈലറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത്, മദ്യത്തിനെതിരെ എൻ.ജി.ഒ കളുടെ സഹകരണത്തോടെ ബോധവൽക്കരണം നടത്തുന്ന കാര്യത്തെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി അഡീഷണൽ ചീഫ് സെക്രട്ടറി സാമൂഹിക നീതി വകുപ്പ് കൺവീനറായും, ആരോഗ്യ വകുപ്പ് സെക്രട്ടറി, നികുതി വകുപ്പ് സെക്രട്ടറി എന്നിവർ മെമ്പർമാരായും ഒരു സാധ്യതാ പഠന കമ്മിറ്റി 15.10.13 ലെ ജി.ഒ.(ആർ.റ്റി) 810/2013/നിവ. നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശ പ്രകാരം ഇക്കാര്യത്തിൽ പഠനം നടത്തുന്നതിനായി തിരുവനന്തപുരം മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം തലവൻ ഡോ. കെ. വിജയകുമാർ, ഡോ. രമ എന്നിവരെ ഉൾപ്പെടുത്തി ഒരു പഠന കമ്മിറ്റി രൂപീകരിച്ച് 25.11.13-ലെ സ.ഉ.നം.915/2013/നി.വ പ്രകാരം ഉത്തരവാകുകയും, ടി കമ്മിറ്റിയുടെ പഠന ചെലവിനായി 20,36,000/- രൂപ കെ.എസ്.ബി.സി യിൽ നിന്നും അനുവദിക്കുകയും ആദ്യ ഗഡുവായി 50 ശതമാനം തുക (10,18,000/-) രൂപ കെ.എസ്.ബി.സി യിൽ നിന്നും ഡോ. കെ. വിജയകുമാർ കമ്മിറ്റിയ്ക്ക് നൽകുന്നതിനായി എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകുകയുണ്ടായി. |

| | | | |
|---|---|---|---|
| (ബി) | വിദ്യാർത്ഥികളുൾപ്പെടെയുള്ള യുവജനങ്ങളിൽ മദ്യാസക്തി വർദ്ധിച്ചുവരുന്നത് ഗൗരവപൂർവ്വം പരിഗണിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. മദ്യത്തിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും, യുവാക്കളെയും, പൊതുജനങ്ങളെയും ബോധവാന്മാരാക്കാൻ എക്സൈസ് വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. കൂടാതെ സ്കൂൾ/കോളേജ് തലത്തിൽ ലഹരി വിരുദ്ധ ക്ലബുകൾ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. |
| (സി) | മദ്യാസക്തി കുറയ്ക്കുന്നതിനുള്ള പരിഹാരമാർഗ്ഗങ്ങളെക്കുറിച്ച് അടിയന്തിരമായി ആലോചിക്കുമോ? | (സി) | എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മദ്യവിമുക്ത കേരളം എന്ന ആശയം സാക്ഷാത്കരിക്കുന്നതിനായി വിപുലമായ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് മദ്യാസക്തി കുറച്ചുകൊണ്ടു വരുന്നതിനായി നിരവധി പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ആഫീസർ